**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1360** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഒരാടം പാലം - മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ ഒരാടം പാലം - മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | നിർദ്ദിഷ്ട ഓരാടം പാലം - മാനത്തുമംഗലം ബൈപാസ് റോഡ് എൻ എച്ച് 966-ലെ ഓരാടംപാലം ഭാഗത്ത് നിന്ന് ആരംഭിച്ച് പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാന പാതയിൽ മാനത്തുമംഗലം എന്ന സ്ഥലത്ത് അവസാനിക്കുന്നതാണ്. ഇതിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി G.O(Rt)No: 73/2011/PWD dated 17-01-2011 ഓർഡർ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ആകെ 4.038 കി.മീ. നീളമാണ് ബൈപാസ് റോഡിനുള്ളത്. അലൈമെന്റ് പ്രകാരം റയിൽവേയുടെ ഏഴുകണ്ണി പാലം ക്രോസ്സ് ചെയ്താണ് ബൈപ്പാസ് ഉണ്ടാക്കേണ്ടിയിരുന്നത്. മഴക്കാലത്ത് സബ് വേയിൽ വെള്ളം കയറി ഗതാഗതസ്തംഭനമുണ്ടാവാനിടയുള്ളതിനാൽ ഓവർബ്രിഡ്ജ് നിർമ്മിക്കാൻ തീരുമാനിച്ചു. എന്നാൽ ഓവർബ്രിഡ്ജിനായി പുഴയിൽ പില്ലറുകൾ സ്ഥാപിക്കേണ്ടത് നീരൊഴുക്കിനെ ബാധിക്കുമെന്നതിനാലും ഏഴുകണ്ണി പാലത്തിന് മുകളിലൂടെ ഓവർബ്രിഡ്ജ് ഉണ്ടാക്കുമ്പോൾ പില്ലറുകൾക്ക് 17 മീറ്ററിലേറെ ഉയരം വരുമെന്നതിനാലും റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്നത് ഏഴുകണ്ണി പാലം ഒഴിവാക്കി അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നും റെയിൽവേ നിർദ്ദേശിച്ചു. മാറ്റം വരുത്തിയ അലൈൻമെന്റും റെയിൽവേ ക്രോസിങ്ങ് വരുന്ന ഭാഗത്തുള്ള മേൽ പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡിസൈൻ (GAD) റയിൽവേക്ക് സമർപ്പിച്ചുവെങ്കിലും റെയിൽവേ സ്പെസിഫിക്കേഷൻ അനുസരിച്ച് ചില മാറ്റങ്ങൾ നിർദ്ദേശിച്ചതനുസരിച്ച് മാറ്റങ്ങൾ വരുത്തിയ ഡ്രോയിങ്ങ് റെയിൽവേക്ക് പുന: സമർപ്പിച്ചു.<br><br>റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി&ഇ ചാർജ്ജ് 16,23,800/-രൂപ അടച്ചതിനു ശേഷം |

GAD പരിശോധന നടത്തുന്നതാണെന്നും റെയിൽവേ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ G.O (Rt) 261/2020/PWD dated 02-03-2020 പ്രകാരം 10,16,23,800/- രൂപക്കുള്ള ഭരണാനുമതി നൽകുകയും ആയതിൽ നിന്ന് ഉത്തരവ് നമ്പർ : ഇ3/6366/19, തീയതി 15.01.2021 പ്രകാരം പി&ഇ ചാർജ്ജായ 16,23,800/- രൂപ സതേൺ റെയിൽവേക്ക് അടക്കുകയും ചെയ്തു.

ഭരണാനുമതി ഉത്തരവിന്റെ കാലാവധി മൂന്ന് വർഷം കഴിഞ്ഞ് ഉത്തരവ് കാലഹരണപ്പെട്ടതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് പുതിയ നിരക്കിലുള്ള റെയിൽവേയുടെ പി&ഇ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിൽ പുതുക്കിയ ROB യൂണിറ്റ് കോസ്റ്റ് പ്രകാരം പി &ഇ ചാർജ്ജ് കണക്കാക്കിയാൽ 24,32,434/- രൂപ വരുമെന്നും അതിൽ നിന്ന് അടവാക്കിയ തുക കുറച്ച് ബാക്കി 8,08,634/- രൂപ അടവാക്കണമെന്ന് അറിയിച്ച് റെയിൽവേയിൽ നിന്ന് കത്ത് ലഭിച്ചു.

ആയത് പ്രകാരം അധിക തുകയായ 8,08,634/- രൂപ ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചതിൻ പ്രകാരം മാറ്റങ്ങൾ വരുത്തുന്നതിനും സാധ്യതകൾ വിശകലനം ചെയ്ത് പരിഹരിക്കുന്നതിനും പൊതുമരാമത്ത് ഡിസൈൻ വിംഗിന്റെ സേവനത്തിനായ് കത്ത് നൽകിയിരുന്നു. റെയിൽവെയുടെ ഭാഗത്തുള്ള GAD റെയിൽവെ അംഗീകരിച്ച ഏജൻസിയെകൊണ്ടാണ് ചെയ്തിട്ടുള്ളത് എന്നും, റെയിൽവെയുടെ ഭാഗത്തുള്ള Span - ന്റെ അലൈൻമെന്റ്, മണ്ണ്, പരിശോധന എന്നിവ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഭാഗത്തിന്റെ GAD യും, DD യും ഡിസൈൻ വിംഗിൽ നിന്നും ചെയ്തുതരുന്നതാണെന്നാണ് 09.04.2025 തീയതിയിലെ കത്ത് മുഖേന ചീഫ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി, ഡിസൈൻ അറിയിച്ചിട്ടുണ്ട്.

10,24,32,343 രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുള്ളതും അത് പരിശോധിച്ച് വരുന്നതുമാണ്. പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 19.08.2025 തീയതിയിൽ EERD/DVOMLP/4708/2024 നമ്പർ കത്ത് പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഓഫീസ് സതേൺ റെയിൽവേ വർക്ക്സ് ബ്രാഞ്ച് ചെന്നൈ ചീഫ് എഞ്ചിനീയർക്ക് റെയിൽവേ ഭാഗത്തുള്ള പുതുക്കിയ

| | | | |
|---|---|---|---|
| | | | GAD, അലൈൻമെന്റ് പ്ലാൻ, ചെക്ക് ലിസ്റ്റ് എന്നിവ അയച്ച് നൽകിയിരുന്നു. ഇതിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റെയിൽവേയിൽ നിന്നും 09.09.2025 തീയതി കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ആവശ്യപ്പെട്ട പ്രകാരം, റെയിൽവേയ്ക്ക് സമർപ്പിച്ച വിശദാംശങ്ങൾ പുതുക്കി നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | എ പീരിവിന്റെ അതേ മറുപടി. |
| (സി) | ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; അടിയന്തരമായി വിശദാംശങ്ങൾ ലഭ്യമാക്കി പ്രവൃത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | എ പീരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | എ പീരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ